(സി) സാങ്കേതികാനുമതി ലഭിക്കാൻ താമസിച്ചതുകൊണ്ട് എത്ര വർക്കുകൾ ആരംഭിക്കാൻ കഴിയാതെയിരിക്കുന്നു എന്ന് അറിയിക്കാമോ;

(ഡി) സാങ്കേതികാനുമതി കിട്ടാൻ താമസിച്ചതുകൊണ്ട് പദ്ധതി നടത്തിപ്പിന് സമയം നീട്ടിക്കൊടുക്കണമെന്ന് ഏതെല്ലാം പഞ്ചായത്തുകൾ ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചിലപ്പോൾ ഉണ്ടാകാറുണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ പ്രോജക്ടുകൾ തയ്യാറാക്കി അംഗീകരിക്കുന്നതിലുള്ള കാലതാമസം, പ്രോജക്ടുകൾ പുനരാവിഷ്കരിക്കുകയോ പരിഷ്കരിക്കുകയോ ചെയ്യുമ്പോൾ സാങ്കേതിക അനുവാദം വീണ്ടും നൽകേണ്ടതുള്ളതുകൊണ്ടുണ്ടാകുന്ന കാലതാമസം എന്നിവയാണ് മുഖ്യകാരണങ്ങൾ.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇടുക്കി ജില്ലാ പഞ്ചായത്ത്, പട്ടണക്കാട്, തിരൂർ, ഇരിട്ടി ബ്ലോക്ക് പഞ്ചായത്തുകൾ, പയ്യാവൂർ, കവളങ്ങാട് ഗ്രാമപഞ്ചായത്തുകൾ എന്നിവ വിവിധ കാരണങ്ങളാൽ പദ്ധതി നിർവ്വഹണ കാലാവധി ദീർഘിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

40 (1791) ജനകീയാസൂത്രണ പദ്ധതി പ്രകാരം ചെലവഴിച്ച തുക

ശ്രീ. വി. ബാലറാം :

ശ്രീ. പി.ജെ. ജോയി :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതികൾക്ക് 1998-99 വർഷത്തേയ്ക്ക് പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയിൽ 30.6.1998 വരെ എന്ത് തുക ചെലവാക്കി;

(ബി) 1.7.98 മുതൽ 30.9.1998 വരെ എന്ത് തുക ചെലവാക്കി;

(സി) 1.1.1999 മുതൽ 28.2.1999 വരെ എന്ത് തുക ചെലവാക്കി;

(ഡി) ഈ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയുടെ 75 ശതമാനം 31.3.1999-ന് ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) പ്രസ്തുത തീയതിക്കുള്ളിൽ 75 ശതമാനം തുക ചെലവഴിക്കാൻ കഴിയാത്തപക്ഷം ആ തുക ലാപ്സ് ആകുമോ; അതോ അത് പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കുമോ;

(എഫ്) ജനകീയാസൂത്രണ പദ്ധതികൾക്കനുവദിച്ച തുകയുടെ 75 ശതമാനമെങ്കിലും ചെലവഴിക്കാൻ കഴിയാത്ത സ്ഥാപനങ്ങൾക്ക് അടുത്ത വർഷം അനുവദിക്കുന്ന തുകയിൽ എന്തെങ്കിലും കുറവ് വരുത്തുമോ;

(ജി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ 1998-99 വാർഷിക പദ്ധതി ആരംഭിച്ചത് 30.6.98-നു ശേഷമാണ്. അതിനാൽ 30.6.98 വരെ ചെലവ് ഉണ്ടായിട്ടില്ല.

(ബി)-(ഡി) സംസ്ഥാനത്തെ 1214 തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച തുകയുടെ സമാഹൃത വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഇ) ചെലവഴിക്കാൻ കഴിയാത്ത തുക അതാത് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ ജനറൽ പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്.

(എഫ്) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം കുറവ് വരുത്തുന്നതാണ്.

(ജി) ജനകീയാസൂത്രണ പദ്ധതി പ്രകാരം അനുവദിച്ച തുകയുടെ 75 ശതമാനം തുകയിൽ എത്ര കുറച്ചാണോ യഥാർത്ഥത്തിൽ ചെലവഴിച്ചത് അത്രയും തുക അടുത്ത വർഷത്തിലെ പദ്ധതിവിഹിതത്തിന്റെ ആദ്യഗഡുവിൽ കുറവ് ചെയ്യുന്നതാണ്.

41 (1792) ഗ്രാമപഞ്ചായത്തുകളുടെ ചെലവുകൾക്ക് സർക്കാർ അനുമതി വേണമെന്ന നിബന്ധന

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ അയ്യായിരം രൂപയിൽ കവിയുന്ന ചെലവുകൾക്ക് സർക്കാരിന്റെ അനുമതി വാങ്ങണമെന്ന നിബന്ധന കാലവിളംബവും ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതന്വേഷിക്കുമോ?

ഉത്തരം

(എ)&(ബി) കേരള പഞ്ചായത്ത്‌രാജ് ആക്ടിൽ പഞ്ചായത്തിന്റെ ചുമതലകളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് സർക്കാരിന്റെ അനുമതി കൂടാതെ തന്നെ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി തുകയുടെ പരിധിയില്ലാതെതന്നെ പഞ്ചായത്തിനു ചെലവു ചെയ്യാവുന്നതാണ്. അതേ സമയം കണ്ടിജന്റ് ചെലവുകൾക്ക് പരിധി നിശ്ചയിച്ചിട്ടുണ്ട്.

42 (1793) ജനകീയാസൂത്രണ പദ്ധതി പ്രകാരം ആട്, കോഴി എന്നിവയുടെ വിതരണത്തിന് ചെലവായ തുക

ശ്രീമതി കെ.ആർ ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1997-98, 1998-99 സാമ്പത്തികവർഷങ്ങളിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം ആട്, കോഴി എന്നിവ വിതരണം ചെയ്യുന്നതിന് എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly